(c) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

(1) 1995-ലെ കേരള സിവിൽ കോടതികൾ (ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): Sir, I introduce the Kerala Civil Courts (Amendment) Bill, 1995.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1995-ലെ കേരളാ സിവിൽ കോടതികൾ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ്, പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1995-ലെ കേരള സിവിൽ കോടതികൾ (ഭേദഗതി) ബിൽ പാസ്സാക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

1995-ലെ കേരള സിവിൽ കോടതികൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) 1996-ലെ അബ്കാരി (ഭേദഗതി) ബിൽ

എക്സൈസ്, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, 1996-ലെ അബ്കാരി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

എക്സൈസ്, പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, 1996-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, താഴെപ്പറയുന്ന നിരാകരണ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു:

"This House resolves to disapprove the Abkari (Amendment) Ordinance, 1996 (Ordinance No. 2 of 1996)".

സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. സ്വാഗതം ചെയ്യുന്നെങ്കിലും അതിന്റെ ഉദ്ദേശ ശുദ്ധിയെക്കുറിച്ച് സംശയമുള്ളതുകൊണ്ട് ഒരു ഭേദഗതി തരികയാണ്. ഭേദഗതി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു. ബോംബെയിൽനിന്നും പ്രസിദ്ധീകരിക്കുന്ന ഇക്കണോമിക് ടൈംസിന്റെ ഒരു കോപ്പി എന്റെ കൈവശമുണ്ട്. അതിലുള്ള വാർത്ത വന്നതിനു ശേഷമാണ് ചാരായ നിരോധനം നിയമമാക്കുന്നത്. അതിൽ പറഞ്ഞിരിക്കുന്നത് Multinational companies dumping scotch in India—എന്നാണ്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്കു പോകാം. സ്വാതന്ത്ര്യസമരകാലത്തു തന്നെ മദ്യവർജ്ജനം നമ്മുടെ രാജ്യത്തു പൊതു സമൂഹജീവിതത്തിൽ കൊണ്ടുവരണമെന്ന് ആഗ്രഹിച്ചിരുന്നു. സ്വാതന്ത്ര്യസമരത്തിനുശേഷം അധികാരത്തിൽ വന്ന പല ഗവൺമെന്റുകളും അതിനുള്ള ശ്രമം നടത്തി. മലബാറിലെ പഴയ മദ്രാസ് ഭാഗത്ത് ജനിച്ചുവീണവനാണ് ഞാൻ. ശ്രീ. രാജഗോപാലാചാരിയുടെ നേതൃത്വത്തിൽ ഉള്ള ഗവൺമെന്റ് അത് നടപ്പാക്കി. തികഞ്ഞ ഗാന്ധിയനും, കുടുംബപരമായി ഗാന്ധിജിയുമായിട്ട് അടുത്ത ബന്ധമുള്ളയാളുമായ അദ്ദേഹംതന്നെ അക്കാര്യത്തിൽ നടപടി എടുത്തു. ഈ ഗവൺമെന്റിന് മദ്യനിരോധന നയത്തോട് ആത്മാർത്ഥതയുണ്ടെങ്കിൽ ഞങ്ങളും ആ നയത്തോടു പൂർണ്ണമായി യോജിക്കുന്നു. എന്റെ പാർട്ടി ഇന്ത്യ ഭരിച്ച രാഷ്ട്രീയപാർട്ടിയുടെ ഭാഗമാണ്; അതിന്റെ പിന്തുടർച്ചയുമാണ്. മദ്യനിരോധനത്തെക്കുറിച്ച് തർക്കമില്ല; പക്ഷെ പ്രായോഗികമല്ലെന്നതുകൊണ്ട് ഇതു സംബന്ധിച്ച തീരുമാനം എടുക്കാത്തതാണ്. പലപ്പോഴും ചർച്ചകൾ വന്നിട്ടുണ്ട്. ചർച്ചാ സമയത്തൊക്കെ പ്രായോഗികമല്ലെന്നുള്ളതുകൊണ്ട് മാറിയതാണ്. ധാരാളം നിയമങ്ങൾ നമ്മുടെ നാട്ടിൽ ലംഘിക്കപ്പെടുന്നു. യഥാർത്ഥത്തിൽ ചാരായ നിരോധനം പ്രാവർത്തികമാകുമോ എന്നുള്ളത് സംശയമാണ്. എന്റെ ഭേദഗതി അവതരിപ്പിക്കുമ്പോൾ ഗവൺമെന്റ് അതു സ്വീകരിക്കുമെങ്കിൽ, ജനങ്ങൾ മദ്യപാനത്തിൽ ആകൃഷ്ടരായതുകൊണ്ട് സമൂഹം അനുഭവിക്കുന്ന കെടുതിയിൽനിന്നും ജനങ്ങളെ രക്ഷിക്കാനുള്ള ഒരു മോചന മാർഗ്ഗമായി ചാരായനിരോധനത്തെ ഗവൺമെന്റു കാണുന്നുവോ, അല്ലയോയെന്നു പരിശോധിക്കണം. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് താൽപ്പര്യമുണ്ടെങ്കിൽ എന്റെ ഭേദഗതി അംഗീകരിച്ചുകൊണ്ട് തീരുമാനമെടുക്കുമെന്ന് വിശ്വസിക്കുന്നു. ഓർഡിനൻസ് വഴി ഇതുവരാൻ പാടില്ലായിരുന്നു. കാരണം ഇതു സംബന്ധിച്ച സംഖ്യാവർദ്ധനവുണ്ട്. ഇത് മണി ബില്ലിൽ വരേണ്ടതാണ്. അബ്കാരി നിയമം മാത്രമല്ല ബില്ലുകളിൽ ചർച്ച ചെയ്യേണ്ടത്. ഇന്നത്തെ ദിവസമായതുകൊണ്ടാണ് ഞാൻ പോയിന്റ് ഓഫ് ഓർഡർ റെയിസു ചെയ്യാതിരുന്നത്. ഗവൺമെന്റ് ഇക്കാര്യത്തിൽ ആത്മാർത്ഥതയില്ലാത്ത നടപടിയാണ് സ്വീകരിക്കുന്നത്. എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം സമ്പൂർണ്ണമദ്യവർജ്ജനമെന്നത് പരമപ്രധാനമായ ലക്ഷ്യമാണ്. ആ ലക്ഷ്യത്തിന് ചവിട്ടുപടികളില്ല; ഒറ്റപ്പടിയേയുള്ളൂ. ആ ഒറ്റപ്പടിയെ സംബന്ധിച്ച് ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ എന്റെ അടുത്ത ഭേദഗതി സമയത്തറിയാം; ബില്ലിനെ സ്വാഗതം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. സി. ഷൺമുഖദാസ്] അവതരിപ്പിച്ച നിരാകരണപ്രമേയം സഭ നിരാകരിച്ചു.

[ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)]: സർ, ''ബിൽ'' പൊതുജനാഭിപ്രായം ആരായുന്നതിനായി 1996 ഏപ്രിൽ 10-ാം തീയതിവരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഏപ്രിൽ ഒന്നാം തീയതി മുതൽ ചാരായനിരോധനം നടപ്പിലാക്കുകയാണല്ലോ. 'കേരളത്തിലെ അമ്മമാരുടേയും സഹോദരിമാരുടേയും കണ്ണീർവീഴാ കാശ് സർക്കാരിന് വേണ്ട' എന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു. ഇത് പൊള്ളയായ അവകാശവാദമാണ്. കാരണം വിദേശമദ്യത്തിന് അമിതമായി വില വർദ്ധിപ്പിച്ച് റവന്യൂ വരുമാനം വർദ്ധിപ്പിക്കാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നത്. ഒരുഭാഗത്ത് ചാരായനിരോധനം നടക്കുന്നു, മറുഭാഗത്തു വിദേശമദ്യം വീഴാ കാശാക്കി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നു. മദ്യത്തിന്റെ ഉപയോഗം നിയമംമൂലം നിരോധിക്കേണ്ട ഒന്നല്ല. മദ്യവർജ്ജനത്തിനാവശ്യമായ ബോധവൽക്കരണം നടത്തുകയാണ് വേണ്ടത്. അതിനാവശ്യമായ നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

[ശ്രീ. വി. വി. രാഘവൻ]: സർ, ''ബിൽ'' ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മദ്യനിരോധനമെന്ന ആശയം പ്രായോഗികമാകണമെങ്കിൽ ചാരായത്തോടൊപ്പം വിദേശമദ്യംകൂടി നിരോധിക്കണം. ഇന്ത്യൻ നിർമ്മിതവിദേശമദ്യം രാജ്യത്ത് ഒഴുക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അതുകൊണ്ട് ചാരായനിരോധനം കൊണ്ട് ഉദ്ദേശിച്ച ഫലം ഉണ്ടാകാൻ പോകുന്നില്ല. ഫലം ഉണ്ടാകണമെങ്കിൽ വിദേശമദ്യംകൂടി നിരോധിക്കേണ്ടത് അത്യാവശ്യമാണ്. ചാരായനിരോധനംമൂലം തൊഴിൽരഹിതരാകുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള സമഗ്രമായ ഒരു നിർദ്ദേശവും വന്നിട്ടില്ല. അതിനുള്ള നടപടികളും സ്വീകരിക്കണം. ഇക്കാര്യങ്ങളും പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)] അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

[ശ്രീ. വി. വി. രാഘവൻ] അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

1996-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

2-ം 3-ം വകുപ്പുകൾ

2-ം 3-ം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

4-ാം വകുപ്പ്

Shri A. C. Shanmughadas: Sir, I move:

1. After section 7 of the Principal Act, the following section shall be inserted:—

"8. Prohibition of manufacture, import, transport, transit, possession, storage, sales, etc., of Indian made foreign liquor and arrack.

No person shall manufacture, import, export, transport, transit, possess, store, distribute, bottle or sell Indian made foreign liquor or arrack in any form."

ഇതിനകത്തു വളരെ പ്രധാനപ്പെട്ട ഒരു സംശയം ഞങ്ങൾക്ക് ഉണ്ട്. ചാരായനിരോധനം എന്ന ആശയം ഈ അവസാനഘട്ടത്തിൽ എങ്ങനെ വന്നു? 25000 കുടുംബങ്ങളുടെ ഭാവിയെക്കുറിച്ച് കമ്മീഷൻ വയ്ക്കും, ആലോചിക്കും, എന്നൊക്കെയാണ് പറയുന്നത്. ഒക്ടോബർ 18-ലെ ഇക്കണോമിക്സ് ടൈംസിൽ വന്ന ഒരു നീണ്ട ലേഖനത്തിലെ പ്രസക്തമായ ചില വാചകങ്ങളും ഞാൻ വായിക്കാം: "Multinational Companies dumping Scotch in India?" .....

Scotch marketers have been successfully selling their brands at prices which compete with the duty free shops and the local bootlegger in spite of having to meet the higher alcohol content norms specified in most States, ...

ഈ കമ്പനികളുടെ പേരുവിവരം ഞാനിവിടെ പറയുന്നില്ല; അസംബ്ലിയിൽ കൂടി അവരുടെ ബ്രാൻഡിനു പരസ്യം വരേണ്ട എന്നുള്ളതുകൊണ്ട്. ചാരായ നിരോധനം സാമൂഹ്യമായി കുടുംബങ്ങളെ രക്ഷിക്കലാണെന്നു പറയുന്നു. കള്ളിന്റെ കാര്യം ഞാൻ വിടുന്നു. നമ്മുടെ കാർഷിക രംഗവുമായി ബന്ധപ്പെട്ട പ്രശ്നമായതുകൊണ്ട് സഹിച്ചേ പറ്റൂ. ചാരായനിരോധനം മൂലം 25000 കുടുംബങ്ങളാണ് തൊഴിൽരഹിതരാകുന്നത്. എന്നാൽ അതുപോലൊന്നും തൊഴിലാളികളില്ലാത്ത ഇന്ത്യൻ നിർമ്മിത വിദേശമദ്യം നിരോധിക്കുന്നുമില്ല. കഴിഞ്ഞ തവണ 50,000 രൂപയ്ക്കു പോലും ലേലത്തിൽ പോകാത്ത കള്ളുഷാപ്പുകളും വൻതുകയ്ക്കാണ് ഇപ്പോൾ പോയിരിക്കുന്നതെന്നും ഓർക്കേണ്ടതുണ്ട്. എന്തായാലും ലേലം വിളിക്കുന്നത് ലാഭകരമാക്കാനാണല്ലോ. ഇതുവഴി ഗവൺമെന്റിനു കൂടുതൽ വരുമാനം ഉണ്ടായിരിക്കുകയാണ്. അതിനർത്ഥം മദ്യപാനത്തിനു ധാരാളം സ്വാധ്യതകളും വന്നിട്ടുണ്ട് എന്നാണ്. അതുകൊണ്ട് ചാരായ നിരോധനത്തോടൊപ്പം ഇന്ത്യൻ നിർമ്മിത വിദേശമദ്യംകൂടി നിരോധിക്കണം എന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതിയെ അനുകൂലിക്കുന്നവർ .....

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ പോയ്ം ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ—35

1. ശ്രീ. ഒ. ഭരതൻ
2. ,, വി. കെ. ബാബു
3. ,, സി. പി. ബാലൻ വൈദ്യർ
4. ,, സി. കെ. ചന്ദ്രപ്പൻ
5. ,, കെ. ചന്ദ്രശേഖരൻ
6. ,, ടി. ചാത്തു
7. ,, ടി. കെ. ഹംസ
8. ,, ഇ. പി. ജയരാജൻ
9. ഡോക്ടർ കെ. സി. ജോസഫ്
10. ശ്രീ. എ. കണാരൻ
11. ,, വി. കേശവൻ

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. പാച്ചേനി കുഞ്ഞിരാമൻ
13. ,, പി. ടി. കുഞ്ഞിമുഹമ്മദ്
14. ,, ലോനപ്പൻ നമ്പാടൻ
15. ,, കെ. പി. മമ്മു മാസ്റ്റർ
16. ,, ടി. നാണുമാസ്റ്റർ
17. ,, സി. പി. നാരായണൻ
18. ,, എം. നാരായണൻ (ഹോസ്ദുർഗ്)
19. ,, എം. നാരായണൻ (കുഴൽമന്ദം)
20. ,, എ. പത്മകുമാർ
21. ,, കെ. പ്രകാശ് ബാബു
22. ശ്രീമതി എൻ. കെ. രാധ
23. ശ്രീ. വർക്കല രാധാകൃഷ്ണൻ
24. ,, ബി. രാഘവൻ
25. ,, പി. രാഘവൻ
26. ,, വി. വി. രാഘവൻ
27. ,, എൻ. രാജൻ
28. ,, പി. രാജു
29. ,, ഇ. ശങ്കരൻ
30. ,, എസ്. ശർമ്മ
31. ,, എ. സി. ഷൺമുഖദാസ്
32. ,, ടി. ശിവദാസ മേനോൻ
33. ,, വി. ജെ. തങ്കപ്പൻ
34. ,, എം. വിജയകുമാർ
35. ,, പിണറായി വിജയൻ

പ്രതികൂലിക്കുന്നവർ—58

1. ശ്രീ. എ. കെ. ആൻറണി
2. ,, കെ. പി. എ. മജീദ്
3. ,, കെ. കെ. അബു
4. ,, സി. ടി. അഹമ്മദാലി
4. ശ്രീമതി അൽഫോൺസാ ജോൺ
6. ശ്രീ. കെ. ബാബു
7. ,, പി. ബാലൻ
8. ,, പി. കെ. കെ. ബാവ
9. ,, ടി. വി. ചന്ദ്രമോഹൻ
10. ,, ഡൊമിനിക് പ്രസന്റേഷൻ
11. ,, പി. പി. ജോർജ്
12. ,, ജോർജ് ഈഡൻ
13. ,, ജോർജ് ജെ. മാത്യു
14. ,, എ. വി. ഗോപിനാഥൻ
15. ,, എം. എം. ഹസ്സൻ
16. ,, ഇസ്ഹാക്ക് കുരിക്കൾ
17. ,, ജോണി നെല്ലൂർ
18. ,, കെ. സി. ജോസഫ്
19. ,, പി. ജെ. ജോയി
20. ,, ജോയി എബ്രഹാം
21. ,, ജി. കാർത്തികേയൻ

LIBRARY ARCHIVES Kerala Legislative Assembly

22. [ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി
23. ,, മാമ്മൻ മത്തായി
24. ,, എ. കെ. മണി
25. ,, കെ. എം. മാണി
26. ,, പി. എം. മാത്യു
27. ,, മാത്യൂ സ്റ്റീഫൻ
28. ,, ആര്യാടൻ മുഹമ്മദ്
29. ,, കല്ലടി മുഹമ്മദ്
30. ,, പി. വി. മുഹമ്മദ്
31. ,, എം. കെ. മുനീർ
32. ,, എം. മുരളി
33. ,, കെ. പി. നൂറുദ്ദീൻ
34. ,, ഉമ്മൻ ചാണ്ടി
35. [ശ്രീമതി എം. ടി. പത്മ
36. [ശ്രീ. വി. ജെ. പൗലോസ്
37. ,, എം. വി. രാഘവൻ
38. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
39. ,, എൻ. രാമകൃഷ്ണൻ
40. ,, പാലോട് രവി
41. ,, തമ്പാനൂർ രവി
42. ,, എം. ആർ. രഘുചന്ദ്രബാൽ
43. [ശ്രീമതി കെ. സി. റോസക്കുട്ടി
44. ,, റോസമ്മ ചാക്കോ
45. [ശ്രീ. ശരത്ചന്ദ്രപ്രസാദ്
46. ,, കടവൂർ ശിവദാസൻ
47. [ശ്രീമതി ശോഭനാ ജോർജ്
48. [ശ്രീ. കെ. എം. സൂപ്പി
49. ,, നാലകത്ത് സൂപ്പി
50. ,, പന്തളം സുധാകരൻ
51. ,, വി. എം. സുധീരൻ
52. ,, എ. സുജനപാൽ
53. ,, പി. പി. തങ്കച്ചൻ
54. ,, സി. എഫ്. തോമസ്
55. ,, കെ. കെ. തോമസ്
56. ,, തോമസ് ചാഴികാടൻ
57. ,, കെ. പി. വിശ്വനാഥൻ
58. ,, എം. ജെ. സഖറിയ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ .. 35

[പ്രതികൂലിക്കുന്നവർ .. 58

നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

5 മുതൽ 7 വരെയുള്ള വകുപ്പുകൾ

5 മുതൽ 7 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

5 മുതൽ 7 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

8–ാം വകുപ്പ്

എക്സൈസ്, പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): Sir, I move the following amendment:

(2) In section 18 of the Principal Act, in the explanation under item (d) of sub-clause (2), for the words "Kerala State Beverages Corporation" the words and brackets "Kerala State Beverages (Manufacturing and Marketing) Corporation Limited" shall be substituted.

ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9–ാം വകുപ്പ്

എക്സൈസ്, പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): Sir, I move the following amendment:

(3) In section 31 of the Principal Act, the words, figures and letter "or section 57A" shall be omitted.

ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10–ാം വകുപ്പ്

10–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

10–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11–ാം വകുപ്പ്

എക്സൈസ്, പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): Sir, I move:

(4) In section 34 of the Principal Act, the words, figures and letter "or section 57A" shall be omitted.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

എക്സൈസ്, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. പന്തളം സുധാകരൻ: സർ, ബഹുമാനപ്പെട്ട മെമ്പർമാർ അബ്കാരി നയത്തോട് പ്രകടിപ്പിച്ച വികാരത്തിനോട് ഗവൺമെന്റ് പൂർണ്ണമായും യോജിക്കുകയാണ്, കാരണം ഗവൺമെന്റിന്റെ ആത്യന്തികമായ ലക്ഷ്യം സമ്പൂർണ്ണ മദ്യ നിരോധനം എന്നുള്ളതുതന്നെയാണ്. അതിന്റെ ആദ്യഘട്ടം എന്ന നിലയിലാണ് 1-4-1996 മുതൽ ചാരായം കേരളത്തിൽ സമ്പൂർണ്ണമായി നിരോധിക്കുന്നത്. അബ്കാരി പോളിസി തയ്യാറാക്കിയത് അസംബ്ലി സെഷൻ കൂടുന്നതിനുമുമ്പായതുകൊണ്ടാണ്. ഈ ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടി വന്നിട്ടുള്ളത്. അതിൻപ്രകാരം എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് അവരുടെ ഡ്യൂട്ടി നിർവ്വഹണത്തിനിടയിൽ അതു തടസ്സപ്പെടുത്തുന്നതിന് ആരെങ്കിലും മുന്നോട്ടു വന്നാൽ അവരെ അറസ്റ്റു ചെയ്യാനുള്ള അധികാരം കൂടി കൈമാറുന്നു എന്ന നിലയ്ക്ക് ഈ ഭേദഗതിക്ക് വളരെ പ്രാധാന്യമുണ്ട്. അതേപോലെതന്നെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിനാണ് 25,000 രൂപ മുതലുള്ള കേസ് കൈകാര്യം ചെയ്യാനുള്ള അധികാരമുള്ളത്. അത് മജിസ്ട്രേട്ട് കോടതിയിലേക്ക് മാറ്റുകയാണ്. അതുകൊണ്ട് സമ്പൂർണ്ണ മദ്യനിരോധനമെന്ന ഗവൺമെന്റിന്റെ തീരുമാനത്തിന് വളരെയധികം പ്രാധാന്യവും ഗൗരവവും നൽകുന്ന ഓർഡിനൻസാണ് ഗവൺമെന്റ് പ്രഖ്യാപിച്ചത്. വളരെ സുപ്രധാനമായ ഒന്നായതുകൊണ്ട് ഇത് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. ശിവദാസമേനോൻ: ഇവിടെ അവതരിപ്പിച്ച ഈ ബിൽ നല്ല ഉദ്ദേശത്തോടുകൂടിയാണെന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല. കാരണം ചാരായം മാത്രം നിരോധിച്ച് ഇഷ്ടംപോലെ വിസ്കിയും, ബ്രാൻഡിയും മറ്റു ഫോറിൻ ലിക്കറുമെല്ലാം നിർലോഭം കുടിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുക്കുകയാണ്. 10 രൂപയ്ക്കു കുടിക്കുന്നവൻ 100 രൂപയ്ക്ക് കുടിച്ചിട്ട് മുടിയാൻ സാദ്ധ്യതയുണ്ടാക്കുകയാണ് ഈ ഗവൺമെന്റ്. അതുപോലെതന്നെ വ്യാജമദ്യ മൂലവെട്ടികൊ ധാരാളം പ്രചാരത്തിലുണ്ട്. അന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു, മൂലവെട്ടി കയ്യിൽ കിട്ടിയെന്ന്. വിഷമദ്യം ഇവിടെ പ്രചരിപ്പിക്കുകയാണ്. ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വേണ്ടിയുള്ള വെറുമൊരു ഇലക്ഷൻ സ്റ്റണ്ടെന്നുള്ള നിലയ്ക്ക് കൊണ്ടുവന്ന വഞ്ചനാപരമായ ഒരു ബില്ലാണ് ഇത്. ഈ വ്യവസായത്തെ ആധാരമാക്കിക്കഴിയുന്ന 25,000-ത്തിലധികം തൊഴിലാളികളുണ്ട്, എന്നു പറഞ്ഞാൽ ഒരു ലക്ഷം ആളുകളുടെ കഞ്ഞിക്കലം ഉടച്ചുകൊണ്ടാണ് ഈ ഇലക്ഷൻ സ്റ്റണ്ട് നിങ്ങൾ നടത്തുന്നത്. അത് നിങ്ങൾ മനസ്സിലാക്കണം. ഇത് ആത്മാർത്ഥതയോടുകൂടിയുള്ളതായിരുന്നുവെങ്കിൽ ശ്രീ. എ. സി. ഷൺമുഖദാസിന്റെ ഭേഗതി നിങ്ങൾ സ്വീകരിക്കുമായിരുന്നു. അത് നിങ്ങൾ സ്വീകരിച്ചില്ല. ഒരു ഇലക്ഷൻ സ്റ്റണ്ടായി, നമ്മുടെ രാജ്യത്തെ പ്രിയങ്കരരായ സഹോദരിമാരെ മുഴുവൻ വഞ്ചിക്കാനായി, വഞ്ചനയുടെ പര്യായമായി നിങ്ങൾ കൊണ്ടുവന്ന ഈ ബില്ലിനോട് സഹകരിക്കാൻ ഞങ്ങൾക്ക് കഴിയില്ല. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഈ ബില്ലിൽ വിസ്തരിക്കേണ്ടതുണ്ടെന്നു വയ്ക്കണമെന്ന ഒരു ഭേഗതി ശ്രീ. എ. സി. ഷൺമുഖദാസ് കൊണ്ടുവന്നു. അപ്പോഴും നിങ്ങൾ പറഞ്ഞു അതുപറ്റില്ല, വിസ്തരിക്കുകതന്നെ വേണമെന്ന്. ഇത്ര വികലമായി, വഞ്ചനയുടെ പര്യായമായി, ഒരുലക്ഷം ആളുകളുടെ കഞ്ഞിക്കലം പൊട്ടിച്ചുകൊണ്ട് ഒരു ബഡായിയായി, 15 ദിന പരിപാടിയിൽ പോലും ഇല്ലാത്ത ഒരു ഇലക്ഷൻ സ്റ്റണ്ടാണ് നിങ്ങൾ നടത്തുന്നത്. ഈ ജനവഞ്ചനയെ ജനങ്ങളുടെ മദ്ധ്യേ ഞങ്ങൾ തുറന്നുകാട്ടും. ജനങ്ങളുടെ മുമ്പിൽ ഞങ്ങൾ നിങ്ങളെ ഹാജരാക്കും, നിങ്ങളുടെ തനിരൂപം ഞങ്ങൾ കാണിച്ചുകൊടുക്കും, യാതൊരു സംശയവും വേണ്ട. വഞ്ചനയെ ഞങ്ങൾക്ക് എതിർക്കാതിരിക്കാൻ സാധിക്കില്ല. കുരുക്ഷേത്ര യുദ്ധക്കളത്തിൽവച്ച് നമുക്കു കാണാം. ഈ ചതിയൻമാരെ, ഈ ശകുനിമാരെ, ഈ ദുര്യോധനൻമാരെ, ഈ ദുശ്ശാസനൻമാരെ വകവരുത്തിയിട്ടല്ലാതെ ഞങ്ങൾ പിൻമാറുകയില്ല. സത്യത്തിനുവേണ്ടി, അസത്യത്തിനെതിരായി; ധർമ്മത്തിനുവേണ്ടി, അധർമ്മത്തിനെതിരായി; നീതിക്കുവേണ്ടി, അനീതിക്കെതിരായി നടക്കുന്ന കുരുക്ഷേത്രയുദ്ധത്തിൽ നിങ്ങളുടെ വംശനാശം ഞങ്ങൾ വരുത്തും. അതിനു യാതൊരു സംശയവും വേണ്ട. അത്രയ്ക്ക് വഞ്ചനാപരമായ ഒരു ബില്ലാണ് നിങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. അല്ലെങ്കിൽ ശ്രീ. എ. സി. ഷൺമുഖദാസിന്റെ ഭേഗതി നിങ്ങൾ സ്വീകരിക്കുമായിരുന്നു. നിങ്ങൾ പറഞ്ഞിപ്പുകാരാണെന്ന് തെളിയിച്ചുകഴിഞ്ഞിരിക്കുകയാണ്. വിദേശ മദ്യകുത്തകകളെ പ്രോൽസാഹിപ്പിക്കാൻവേണ്ടി, ഈ രാജ്യത്തെ പെൺകുട്ടികളെ മുഴുവൻ കരയിപ്പിക്കാൻവേണ്ടി, അവരെ കണ്ണീർക്കടലിൽ ആഴ്ത്താൻ വേണ്ടി, ഈ ഇലക്ഷൻ ജയിക്കാൻവേണ്ടി, ഒരു തരംതാണ പ്രചരണ ആയുധമായി നിയമസഭയെ നിങ്ങൾ ഉപയോഗിച്ചിരിക്കുകയാണ്. അതുകൊണ്ട് യാതൊരു കാരണവശാലും ഈ ബിൽ ഈ രീതിയിൽ കൊണ്ടുവന്ന് ജനങ്ങളെ പറ്റിക്കാൻ അനുവദിക്കില്ല. അതുകൊണ്ടുതന്നെയാണ് ഈ ബില്ലിനെ ഞങ്ങൾക്ക് എതിർക്കേണ്ടിവരുന്നത്. ശ്രീ. എ. സി. ഷൺമുഖദാസിന്റെ ഭേഗതി നിങ്ങൾ സ്വീകരിക്കാത്തതുകൊണ്ടുതന്നെ വ്യക്തമാണ്, ഈ ബിൽ വികലമാണ്, വഞ്ചനയാണ്, ഇത് കൊടും ചതിയാണ് എന്ന്, ഇത് ആ രീതിയിൽത്തന്നെ ഞങ്ങൾ പ്രചരിപ്പിക്കും. ഇനി നമുക്ക് കുരുക്ഷേത്ര യുദ്ധക്കളത്തിൽ വച്ച് കാണാം. അവിടെ വച്ച് സർവ്വ ചതിയൻമാരെയും ശരിക്കും നേരിട്ടുകൊണ്ട്, പരാജയപ്പെടുത്തി, ഇടതുപക്ഷ ജനാധിപത്യ മുന്നണി വെന്നിക്കൊടി പാറിച്ചുകൊണ്ട് ഈ അസംബ്ലിയിലേയ്ക്ക് തിരിച്ചുവരും, നിങ്ങൾക്ക് യാതൊരു സംശയവും വേണ്ട. അവിടെയുള്ള മിക്കവരും ഇപ്പുറത്തു കാണില്ല. ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലാണ് നിങ്ങൾക്കിനി സ്ഥാനമെന്നു പറഞ്ഞുകൊണ്ട് ഈ ബിൽ ഈ രീതിയിൽ കൊണ്ടുവരുന്നതിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശ്രീ. ടി. ശിവദാസമേനോൻ പറഞ്ഞു, ഇലക്ഷനിൽ നിങ്ങൾ ജയിക്കുന്തിനുവേണ്ടി. ഈ ബിൽ കൊണ്ടുവന്നു എന്ന്. ഞങ്ങൾ ഇലക്ഷനിൽ ജയിക്കുമെന്ന് നിങ്ങൾ ഇപ്പോഴെ സമ്മതിച്ചിരിക്കുന്നു. .....
.....(ബഹളം).....

ശ്രീ. ടി. ശിവദാസമേനോൻ: സർ, ഇത്തരം വാദം കയ്യിലുള്ളതു കൊണ്ടുതന്നെയാണ് ശ്രീ. കെ. എം. മാണി വക്കീൽപ്പണിക്ക് പോകാത്തത്.

ശ്രീ. വി. വി. രാഘവൻ: സർ, ഈ സഭയിൽ നമ്മളെങ്കിലും മദ്യ വിമുക്തരാണല്ലോ; പിന്നെ ഈ ബഹളം വേണോ? നമ്മുടെ സമൂഹം നേരിടുന്ന വളരെ രൂക്ഷമായ, ദാരുണമായിട്ടുള്ള ഒന്നാണ് മദ്യവിപത്ത്, ആ മദ്യവിപത്തിൽനിന്നും, മദ്യാസക്തിയിൽനിന്നും നമ്മുടെ സമൂഹത്തെ മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള ഏതൊരു നടപടിയും ഫലവത്തായി കാണണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ആത്മാർത്ഥമായിട്ട് ഞങ്ങൾ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണിയോട് അഭ്യർത്ഥിക്കുന്നു, നമുക്ക് ഈ ദിനത്തിൽ സന്തോഷത്തോടും ആഹ്ലാദത്തോടുംകൂടി പിരിയാം— ചാരായത്തോടൊപ്പം വിദേശ മദ്യവും നിരോധിക്കുന്നു എന്നൊരു പ്രഖ്യാപനം അങ്ങയിൽനിന്നുമുണ്ടാകണം. ചാരായത്തോടൊപ്പം വിദേശ മദ്യവും നിരോധിച്ചുകൊണ്ടുള്ള ഒരു പ്രഖ്യാപനമുണ്ടായാൽ രണ്ടു കയ്യുംപൊക്കി ഞങ്ങൾ ആ നടപടിയെ സ്വാഗതം ചെയ്യും. വാദപ്രതിവാദത്തിനോ അങ്ങോട്ടുമിങ്ങോട്ടുമുള്ള തർക്കത്തിനുവേണ്ടിയോ അല്ല ഇതു പറയുന്നത്. ആത്മാർത്ഥമായിട്ടൊന്ന് ചിന്തിച്ചാൽ മനസ്സിലാകും; ചാരായം മാത്രം നിരോധിച്ചതുകൊണ്ട് ഒരു തൊഴിലാളിയുടെ.....
.....(ബഹളം).....
എന്താ ഇത് ചന്തയാണോ? നിയമസഭയെ ചന്തയാക്കി മാറ്റരുത്. ഞങ്ങൾ യഥാർത്ഥത്തിലുള്ള, ഞങ്ങളുടെ ഉള്ളിന്റെയുള്ളിലുള്ള കാര്യങ്ങളാണ് പറയുന്നത്. ചാരായം മാത്രം നിരോധിച്ചുകൊണ്ട് ഉദ്ദേശിച്ച ഫലമുണ്ടാകാൻ പോകുന്നില്ല. ജനങ്ങളെ മദ്യവിമുക്തരാക്കാൻ സാധിക്കില്ല, വില കൂടിയതുകൊണ്ട് കുടിക്കു ശമനമുണ്ടാവില്ല. വില കൂടിയതുകൊണ്ട് തൊഴിലാളികളടക്കമുള്ളവർ കൂടിയ വിലയ്ക്ക് കുടിച്ച് കുടുംബങ്ങൾ കൂടുതൽ ദാരിദ്ര്യത്തിലേയ്ക്ക് പോവുകയേയുള്ളൂ. അതുകൊണ്ട് നമുക്ക് ഉദ്ദേശിച്ച ഫലമുണ്ടാകണമെങ്കിൽ ചാരായത്തോടൊപ്പം വിദേശമദ്യവും നിരോധിക്കണം. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, അങ്ങോട്ടുമിങ്ങോട്ടും തൊലി ഉരിക്കാനുള്ള വാദഗതിയൊന്നും ഉന്നയിക്കേണ്ടതില്ല; ഉദ്ദേശിക്കുന്ന ഫലം അൽപ്പമെങ്കിലും ഉണ്ടാകണമെങ്കിൽ വിദേശമദ്യം കൂടി നിരോധിക്കണം. അതോടൊപ്പം ഇതിന്റെ പ്രഖ്യാപനം മുഖ്യമന്ത്രിയുടെ പക്ഷത്തുനിന്നും ഉണ്ടായകാലം മുതൽക്ക് ഇതുമൂലം തൊഴിലില്ലാതാകുന്ന ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള എന്തെങ്കിലും ഒരു സംവിധാനംകൂടി വേണമെന്നും ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി ഇതിനൊരു പദ്ധതി ഉണ്ടാക്കുമെന്നും പറഞ്ഞു. ശ്രീ. പന്തളം സുധാകരൻ അക്കാര്യം സഭയിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു. അതിനുള്ള പദ്ധതി ലേബർ മിനിസ്റ്റർ ഉണ്ടാക്കുന്നുണ്ടെന്ന് പറഞ്ഞിട്ട് ഒന്നും ആയിട്ടില്ല. ഈ ബിൽ പാസ്സാക്കുന്ന സമയത്ത് ആ തൊഴിലാളികളോട് എന്തെങ്കിലും പറയണ്ടേ? അതിനുള്ള സമ്പൂർത്തമായ ഒരു നിർദ്ദേശവുമില്ല. ഈ വക കാര്യങ്ങളെ വളരെ ലാഘവ ബുദ്ധിയോടുകൂടിയാണ് കാണുന്നത്. അതുകൊണ്ട് ഉദ്ദേശിച്ച ഫലം വേണമെങ്കിൽ വിദേശമദ്യംകൂടി

LIBRARY ARCHIVES Kerala Legislative Assembly

നിരോധിക്കണം. ഇതുമൂലം തൊഴിലില്ലാതാകുന്നവർക്ക് പകരം തൊഴിൽ നൽകാനുള്ള സംവിധാനം ഉണ്ടാക്കണം. ഇതാണ് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാനൊരു ഭേദഗതി കൊണ്ടു വന്നത് ഗാന്ധിയൻ.....
(ആ സമയത്ത് സഭയിലെ വിദ്യുച്ഛക്തി വിതരണം നിലച്ചുപോയി)
.....ഗാന്ധിജിയുടെ പേര് സഭയിൽ പറഞ്ഞാൽ ഒരൊറ്റ പോകും. ഇവിടെ ഇരിക്കുന്ന ഗാന്ധിജിയുടെ ഫോട്ടോ എടുത്തു മാറ്റാനുള്ള സമയമായി. ഈ ഫോട്ടോയുടെ താഴെ നിന്നുകൊണ്ട് ചതിയും വഞ്ചനയും പറയുന്നത് അദ്ദേഹം പൊറുക്കില്ല. ഇവിടെ മദ്യവർജ്ജനമാണ് ലക്ഷ്യമെന്നു പറയുന്നു. മദ്യവർജ്ജനമാണ് ലക്ഷ്യമെങ്കിൽ ആദ്യമായിട്ട് നിരോധിക്കേണ്ടത് ഇൻഡ്യൻ നിർമ്മിത വിദേശമദ്യമാണ്. ഇൻഡ്യൻ നിർമ്മിത വിദേശമദ്യമെന്നു പറയുന്നത്, യഥാർത്ഥത്തിൽ ഇൻഡ്യൻ ചാരായത്തിനു കളർ കൊടുത്ത് മാറ്റുന്നതാണ്. ഞങ്ങളുടെ പാർട്ടി തീരുമാനിച്ചിട്ടുണ്ട്, മദ്യപാനിയാണെന്ന് പാർട്ടിക്ക് ബോദ്ധ്യമുള്ളവർക്ക് അസംബ്ലി ടിക്കറ്റ് കൊടുക്കില്ല എന്ന്. ബഹുമാനപ്പെട്ട ആൻറണിയോട് ഞാൻ അഭ്യർത്ഥിക്കുന്നു, മദ്യപാനിയാണെന്ന് നിങ്ങൾക്ക് ബോദ്ധ്യമുള്ളവർക്ക് അസംബ്ലി ടിക്കറ്റ് കൊടുക്കില്ലെന്ന നിലപാട് സ്വീകരിക്കാമോ? വളരെ സിമ്പിളായ ഒരു കാര്യമാണിത്. മദ്യപാനിയായ ഒരാളാണെന്ന് അങ്ങേയ്ക്ക് ബോദ്ധ്യമായാൽ, പരസ്യമായി പറയേണ്ട, പാർട്ടി ടിക്കറ്റ് കൊടുക്കില്ലെന്ന് തീരുമാനിക്കുമെങ്കിൽ ഈ ആത്മാർത്ഥത കുറച്ചെങ്കിലും ഉണ്ടെന്നു തോന്നിപ്പോകും. ഞങ്ങൾ അങ്ങനെ തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ ഇത്തരത്തിലുള്ള ആളുകളെ എങ്ങനെ നേരിടും? ഞാൻ ഇപ്പോഴും അഭ്യർത്ഥിക്കുന്നു, ഞങ്ങൾക്ക് കൂട്ടായി വോട്ട് ചെയ്യാൻ അവകാശം ഉണ്ടാക്കാൻ ഈ ബില്ലിനെ അനുകൂലമായി, മദ്യവർജ്ജനത്തിനെ അനുകൂലമായി, പ്രതിജ്ഞ എടുത്ത് ഞങ്ങളുടെകൂടെ നിങ്ങൾ പങ്ക് ചേരണം എന്ന്. ഈ ഗവൺമെൻറിൻറെ തീരുമാനം സദുദ്ദേശപരമാണെങ്കിൽ സമൂഹത്തിൽ ഇന്ന് മാറാവ്യാധിയായി കിടക്കുന്ന മദ്യപാനത്തെ തുരത്താൻ വിദേശമദ്യം കൂടി നിരോധിക്കാനുള്ള എൻറെ ഭേദഗതി പാസ്സാക്കിയെടുക്കാൻ സമ്മതിക്കുമെങ്കിൽ നല്ലതാണ്. എങ്കിൽ ഈ വൈകുന്നേരത്ത്, 9-ാം കേരള നിയമസഭയുടെ അവസാന നിമിഷം ഒരു നല്ലകാര്യം ചെയ്തു എന്ന ചാരിതാർത്ഥ്യത്തോടെ നമുക്ക് സന്തോഷമായി പിരിയാം. ആ നല്ല കാര്യത്തിന് ഒരു പക്ഷേ മുന്നൂറോ, നാനൂറോ കോടി രൂപ നഷ്ടം വന്നേക്കാം, അതിനെ നമുക്ക് നേരിടാം, ഗവൺമെൻറിന് നേരിടാം. നിങ്ങൾക്ക് വേണമെങ്കിൽ ഒരു അനൗദ്യോഗിക ബിൽ കൊണ്ടുവരാം, നിങ്ങൾ അന്ന്. പ്രതിപക്ഷത്തായിരിക്കുമല്ലോ. അനൗദ്യോഗിക ബിൽ കൊണ്ടുവന്നാൽ അന്നത്തെ ഞങ്ങളുടെ ഗവൺമെൻറ് സ്വീകരിക്കുമോയെന്ന് നോക്കാം. അതിനെക്കാൾ ഇപ്പോൾ പിൻവലിച്ചുകൂടായിരുന്നോ? സത്യസന്ധമാണെങ്കിൽ.....

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സമ്പൂർണ്ണ മദ്യനിരോധനത്തെ സ്വാഗതം ചെയ്യുന്നവർ ഏതായാലും ചാരായനിരോധനത്തെയും സ്വാഗതം ചെയ്യുമല്ലോ. ഒരു കെട്ടിടം പണിയുന്നതായാലും ബേസ്മെൻറ് ആദ്യം കെട്ടും, ആദ്യം ഒന്നാം നില പണിയും, പിന്നീട് രണ്ടാം നില പണിയും. അങ്ങനെയാണ് ഇതും എന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: അത് കെട്ടിടത്തിന്റെ കാര്യമാണ്. കള്ള് കുടിച്ചാലും ബ്രാണ്ടി കുടിച്ചാലും വിസ്കി കുടിച്ചാലും മദ്യാസക്തിയാണെന്നാണ് എന്റെ വിശ്വാസം. അല്ലാതെ ചാരായം കുടിച്ചാൽ പകുതി, ബ്രാണ്ടി കുടിച്ചാൽ അതിനപ്പുറം എന്നു ധരിച്ചിട്ടില്ല. ഞാനൊരു വൈദ്യവിദ്യാർത്ഥിയായിരുന്നു, കുടിച്ചില്ലെങ്കിലും വൈദ്യശാസ്ത്രം പഠിപ്പിച്ചത് പറയുകയാണ്. വൈദ്യശാസ്ത്രം പഠിപ്പിച്ചത്, ഞാൻ മനസ്സിലാക്കുന്നത്, ഏത് മദ്യം കുടിച്ചാലും അതിന്റെ ആസക്തഫോം ഇഥൈൽ അതിലെ ആസക്തഫോം കണ്ടന്റിന്റെ അടിസ്ഥാനത്തിലാണ് എന്നാണ്. ചാരായമാണോ, വിദേശമദ്യമാണോ കൂടുതൽ ആസക്തഫോം കണ്ടന്റ് ഉള്ളത്? ഞാൻ പറയുന്നു, ഇത് തട്ടിപ്പിനുള്ള, ജനങ്ങളെ കളിപ്പിക്കാനുള്ള, ജനങ്ങളെ വ്യാമോഹിപ്പിക്കാനുള്ള ഒരു സൂത്രപ്പണിയാണ് എന്ന്. ഇത് നടക്കില്ല, കേരളത്തിലെ ജനങ്ങൾ ബുദ്ധിയുള്ളവരാണ്, വിവരമുള്ളവരാണ്. അവരെ വഞ്ചിക്കാൻ ആര് വിചാരിച്ചാലും കഴിയില്ല. വഞ്ചകരോട് എങ്ങനെ പെരുമാറണം എന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാം. ഇത് ചെറിയൊരു കാര്യമല്ല.

കൃഷിവകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): അങ്ങ് ഒരു ഭേദഗതി കൊടുത്തപ്പോൾ കള്ള് നിരോധിക്കണമെന്ന് എന്തുകൊണ്ടാണ് ഭേദഗതി കൊടുക്കാതിരുന്നത്?

ശ്രീ. എ. സി. ഷൺമുഖദാസ്: കള്ളിൽ ആസക്തഫോളിക് കണ്ടന്റ് കുറവാണ്. അതുകൊണ്ടുതന്നെയാണ് പറയുന്നത്, പാലക്കാട് പ്രദേശങ്ങളിലൊക്കെ ലോറിയിൽ കൊണ്ടുവന്ന് വിൽക്കുന്ന കൃത്രിമ കള്ളുണ്ടല്ലോ. ആ കൃത്രിമ കള്ള് നിരോധിക്കേണ്ടിവരും. അത് നടത്തുന്നത് ആരാണെന്ന് ശ്രീ. തങ്കച്ചന് നന്നായിട്ടറിയാമല്ലോ; വ്യക്തികളെ അറിയാമല്ലോ; അതുകൊണ്ട് ഞാൻ പറയുന്നില്ല, കൃത്രിമ കള്ള് നാടനാണ്, തെങ്ങിൻകള്ള് നാടനല്ല. കൃത്രിമ കള്ളിന്റെ ഫലമായിട്ട് ഒരുപക്ഷേ ഞായറ്റ്ക്കിഴ്ച പുനലൂരുമൊക്കെ ആവർത്തിക്കേണ്ടിവരുന്നു എങ്കിൽ അപ്പോൾ കാണാം. ഈ തീരുമാനത്തിന്റെ ഫലമായിട്ട് വ്യാജമദ്യം ഉണ്ടാക്കുന്നു, ഈ ഗവൺമെന്റിനു പലരുടേയും പേരിൽ കൊലക്കേസ്സിനു കേസ്സെടുക്കേണ്ടി വരുന്നു. നിങ്ങൾക്ക് വേണമെങ്കിൽ മദ്യപാനിയെ നിയന്ത്രിക്കാനുള്ള നിയമം കൊണ്ടുവരാം. ആ രീതിയിൽ നിയന്ത്രിക്കാൻ കഴിയണം. ചാരായ നിരോധനമെന്നു പറയുന്നത് മദ്യവർജ്ജനമല്ല, മദ്യ നിരോധനവുമല്ല. മദ്യവർജ്ജനത്തെയും മദ്യനിരോധനത്തെയും അനുകൂലിക്കുന്നതുകൊണ്ട് അതിൽ വെള്ളം ചേർക്കാൻ കൂട്ടുനിൽക്കാൻ വയ്യ. ഗവൺമെന്റ് ഇപ്പോഴെങ്കിലും ഇക്കാര്യത്തിൽ ഒരു പുനരാലോചന നടത്തി, വിദേശ മദ്യംകൂടി നിരോധിക്കാനുള്ള ഈ ഭേദഗതി അംഗീകരിക്കുമെന്ന് വിശ്വസിക്കുന്നു. അതിനുവേണ്ടി ഗാന്ധിജിയുടെ പേരിൽ നിങ്ങളോട് കേണപേക്ഷിക്കുന്നു.

ശ്രീ. ബേബി ജോൺ: സർ, മദ്യം ഒരു സാമൂഹ്യ തിൻമയാണ്, മദ്യാസക്തികൊണ്ട് നമ്മുടെ സമൂഹത്തിൽ വലിയ പ്രശ്നങ്ങളുണ്ടാകുന്നു. ആ നിലയിൽ ഈ നടപടി എങ്ങനെ വേണമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ഇതൊരു രാഷ്ട്രീയ വിവാദമാക്കാനല്ല ഞങ്ങൾ ഉദ്ദേശിക്കുന്നത്. നമ്മുടെ സമൂഹത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കുമോയെന്നുള്ളതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. ഗവൺമെന്റ് ഇന്നു കൊണ്ടുവന്നിരിക്കുന്ന ഈ നിയമം അനുസരിച്ച് ആ തിൻമയ്ക്ക് പരിഹാരമുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയില്ലെന്നു മാത്രമല്ല, മറ്റൊരു രൂപത്തിൽ ഈ വിപത്ത് വർദ്ധിക്കാനാണ് സാദ്ധ്യത. മദ്യം വിഷമാണ് എന്നുള്ള പരസ്യമൊക്കെ ഞാൻ കണ്ടു, അത് ശരിയാണ്. മദ്യം വിഷമാണ്, ബ്രാണ്ടി കുടിച്ചോ എന്നു പറയുന്ന ഇത്തരം ഏർപ്പാടുണ്ടോ? ഇവിടെ അതല്ലേ വന്നിരിക്കുന്നത്? മദ്യം വിഷമാണെങ്കിൽ ആ വിഷം കുടിക്കാതിരിക്കുന്നതിന് അത് ഉണ്ടാക്കാതിരിക്കാൻ പ്രത്യേകമായിട്ട് ശ്രദ്ധിക്കണം. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത്, ഇത് ഒരു പൊതു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യണം എന്ന്. സഭ പിരിയുമ്പോൾ ഘട്ടം ഘട്ടമായിട്ട് ഇത് നിറുത്തലാക്കുമെന്നല്ലേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്? നമുക്ക് ഒരു ഘട്ടത്തിൽ നിറുത്തലാക്കാം. വിദേശമദ്യവും നമുക്ക് നിറുത്തലാക്കാം. ഇതിന്റെ അപകടത്തെക്കുറിച്ച് ഞാൻ പറയാം. തൊഴിലില്ലാത്ത ധാരാളം ചെറുപ്പക്കാരുണ്ട്. ഇതുമൂലം കള്ളക്കടത്താണ് നടക്കാൻ പോകുന്നത്. പുതിയ നിയമം അനുസരിച്ച് കളിയിക്കാവിളയിൽ പോയി ഒരു ചെറുപ്പക്കാരൻ രണ്ട് കുപ്പി വിസ്കിയുമായിട്ട്, അല്ലെങ്കിൽ രണ്ടു കുപ്പി റമ്മുമായിട്ട് വന്നാൽ അതിനെ തടയാൻ ഒരു നിയമവും ഇന്നില്ല. ആയിരം രൂപ കിട്ടും; അതൊരു ചെറിയ കാര്യം. നിങ്ങൾ ഇതു കൊണ്ട് എന്താണോ ഉദ്ദേശിക്കുന്നത്, അതിനെതിരായിട്ട് ഈ സംസ്ഥാനത്ത് സംഭവിക്കാൻ പോവുകയാണ്. സംസ്ഥാനാതിർത്തിയിൽ ഇതു കാണാൻ കഴിയും. മാഹിയിൽ ഒരു റേഷൻ കടയും 30 കള്ളുകടയുമുണ്ട്. അപ്പോൾ മദ്യം കടത്തുന്ന ജോലി ചെറുപ്പക്കാരെ ഏൽപ്പിക്കുന്ന ഹീനമായ നടപടിയാണ് ഇതുമൂലം ഉണ്ടാകാൻ പോകുന്നത്. അതിനെക്കുറിച്ച് പരിശോധിക്കണം. അതിനെക്കുറിച്ച് നിങ്ങൾ എന്തുപറയുന്നു? ചാരായത്തിന് പകരം റമ്മാണെന്ന് ഇന്നത്തെ പത്രത്തിൽ കണ്ടു. റം ചാരായവിലയ്ക്ക് കിട്ടുമെന്ന്. അതുപോലെതന്നെ തൊഴിലാളികളെല്ലാം മദ്യപാനികളാണ് എന്നുള്ള വലിയൊരു പ്രചരണവും നടക്കുന്നുണ്ട്.

9 p.m.] ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ സംസ്ഥാനത്തെ മുഴുവൻ ചെറുപ്പക്കാരും കള്ളക്കടത്തുകാരും, ചാരായം വിൽക്കാൻ തയ്യാറുള്ളവരായ ഏറവും മോശക്കാരാണെന്നാണോ അങ്ങയുടെ അഭിപ്രായം?

ശ്രീ. ബേബി ജോൺ: എപ്പോഴും ആര്യാടൻ അങ്ങനെ പറയും. അങ്ങ് എന്നോട് ഈ ചോദ്യം ചോദിച്ചല്ലോ. ഞാൻ ശ്രീ. ആര്യാടനോട് ഒരു ചോദ്യം ചോദിക്കാം. ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തും എന്നു വച്ചാൽ നിർത്തലാക്കാനൊക്കുമോ? സിഗററ്റു വലിപോലും ഘട്ടംഘട്ടമായി നിർത്തലാക്കാൻ കഴിയാത്ത സ്ഥിതിയാണ്. അപ്പോഴാണ് ചാരായം ഒഴിവാക്കി, പകരം ബ്രാണ്ടി കുടിക്കാൻ പറയുന്നത്.

ശ്രീ. കെ. എം. മാണി: നമ്മൾ ഈ സമൂഹ മനസ്സാക്ഷിയെ ഇതിനെതിരായി ഉണർത്തണം. ചാരായനിരോധനം കൊണ്ടുവരുന്നതിനൊന്നും ഒരു കുഴപ്പവുമില്ല, കൊണ്ടുവന്നോളൂ. എന്നു പറഞ്ഞ് ചെറുപ്പക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ ഇങ്ങനെ പ്രസംഗിക്കുന്നത് ശരിയാണോ?

ശ്രീ. ബേബി ജോൺ: സമൂഹ മനസ്സാക്ഷിയെ ഉണർത്തുന്നത് കബളിപ്പിക്കലല്ല. നിലവിലിരിക്കുന്ന നിയമം അനുസരിച്ച് തൊഴിലില്ലാത്ത ആളുകളുടെ വരുമാന മാർഗ്ഗമായി, തൊഴിൽ സാധ്യതയായി മാറുന്ന, അധഃപതിക്കുന്ന സമൂഹത്തെ നമ്മൾ ഉണ്ടാക്കുകയാണ് ചെയ്യാൻ പോകുന്നത്. ഏതു നിയമമാണു വിദേശമദ്യം കൊണ്ടുവരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

തടയുന്നത്? ഇന്ന് നിലവിലിരിക്കുന്ന അബ്കാരി നിയമം വച്ച്, 2 കുപ്പി ഫോറിൻ ലൂക്കുമായി കളിയിക്കാവിളയിൽനിന്നും വരുന്ന ഒരാളെ നിങ്ങൾക്ക് എങ്ങനെ തടയാൻ ഒക്കും? റഗുലർ ട്രാഫിക് ആയിരിക്കും.

ശ്രീ. കെ. എം. മാണി: മാഹിയിൽനിന്നൊക്കെ ഇങ്ങു കൊണ്ടു വരുന്നതു തടയാൻ നിയമം ഇല്ലെന്നാണോ അങ്ങു പറയുന്നത്? വേറൊരു സ്റ്റേറ്റിൽ നിന്നായാലും ടാക്സ് വെട്ടിച്ചുകൊണ്ട് സാധനങ്ങൾ കൊണ്ടുവരുന്നതിനേയും, കള്ളക്കടത്തിനേയും തടയാൻ ഇവിടെ നിയമം ഉണ്ട്; നിയമം ഉണ്ടാക്കും. അതിനൊന്നും ഒരു ബുദ്ധിമുട്ടും ഇല്ല.

ശ്രീ. ബേബി ജോൺ: നിയമ മന്ത്രി എത്ര ഉറപ്പിച്ചുപറഞ്ഞാലും ഞാൻ മനസ്സിലാക്കിയിടത്തോളം നിയമം അനുവദിക്കുന്ന രീതിയിൽ ഒന്നോ, രണ്ടോ കുപ്പി ബ്രാൻഡിയോ, ഫോറിൻ ലിക്വറോ ഒരാൾ കൊണ്ടു വന്നാൽ അതു തടയാൻ ഒരു നിയമവുമില്ല.

ശ്രീ. കെ. എം. മാണി: അതു പൊട്ടിച്ച ബോട്ടിൽ ആയിരിക്കണം, ...(ബഹളം).....

ശ്രീ. ബേബി ജോൺ: എങ്ങനെയാണ് നിയമ വിരോധമായി ഇതെല്ലാം ഇവിടെ കൊണ്ടുവന്നത്? ഈ സംസ്ഥാനത്ത് കൂടുതൽ മയക്കു മരുന്ന് ഉപയോഗിക്കുന്നത് ആരാണ്? എന്തു നടപടി സ്വീകരിക്കാൻ സാധിച്ചു? ഇവിടെ വിദേശമദ്യ ഷാപ്പിലേയ്ക്കു പോകുന്നത് ആരാണ്?

ശ്രീ. പി. പി. തങ്കച്ചൻ: ചാരായം നിരോധിക്കും എന്ന് പ്രഖ്യാപനം വന്നിട്ട്, പിറേറദിവസം ഇടതുപക്ഷ മുന്നണി നേതാക്കൻമാരുടെ പ്രസ്താവന വന്നത്, തങ്ങൾ അധികാരത്തിൽ വന്നാൽ ചാരായം വിൽക്കും എന്നാണ്.

ശ്രീ. ബേബി ജോൺ: അതൊക്കെ പ്രചരണത്തിനുവേണ്ടി നിങ്ങൾക്കുപയോഗിക്കാം. ഇപ്പോൾ ഞാൻ ചോദിക്കുന്നത്, വിദേശമദ്യം നിരോധിയ്ക്കാം എന്ന ഭേദഗതി നിങ്ങൾക്കു പാസ്സാക്കാമോ; നിങ്ങളുടെ കൂടെ ഞാൻ കൈ പൊക്കാം.

ശ്രീ. കെ. എം. മാണി: ആത്മാർത്ഥമായ ഒരു സംശയം എനിക്കുണ്ട്. അതൊന്നു നീക്കിത്തരണം. ഈ പ്രതിപക്ഷത്തിന്റെ നിലപാട് കേരള ഗവൺമെൻറിന്റെ മദ്യ നിരോധനത്തെ പരാജയപ്പെടുത്തുവാനും, ചാരായ ലോബിയെ സഹായിക്കുവാനും അല്ലേ? ഈ നിലപാട് തെറ്റാണ്. ഈ നിയമസഭ പിരിയുമ്പോൾ ചാരായ ലോബിയ്ക്ക് അനുകൂലമായി, ഈ ഗവൺമെൻറിന്റെ ചാരായ നിരോധനത്തെ പരാജയപ്പെടുത്തുവാൻ, പ്രതിപക്ഷം കൺസിസ്റ്റൻറ് ആയ നിലപാട് എടുക്കുന്നതു ശരിയല്ല.

ശ്രീ. ബേബി ജോൺ: കള്ളുഷാപ്പിന്റെ ലേലത്തുക എത്രയാണ്? ആരാണിതു പിടിച്ചത്? ഈ പ്രശ്നത്തെ സദുദ്ദേശത്തോടുകൂടി പരിഹരിക്കാൻ സമീപിക്കുന്നതിനുപകരം പഴുതുമായി ആക്ഷേപിച്ചതു കൊണ്ടു കാര്യമില്ല. ഈ സംസ്ഥാനത്ത് വളർന്നുവരുന്ന സാമൂഹ്യ ചിന്ത അവസാനിപ്പിക്കാനുള്ള നടപടികളുടെ ഭാഗമായി വിദേശമദ്യം ഉൾപ്പെടെ നിരോധിക്കാൻ നിങ്ങൾ ഇപ്പോൾ തയ്യാറാകുക. ഒരു പക്ഷെ എന്റെ ബഹുമാന്യ സ്നേഹിതനായ മുഖ്യമന്ത്രിക്ക് ഒരു ആറുമാസം കഴിയുമ്പോഴേക്കും തന്റെ ഈ തീരുമാനത്തിന്റെ ഫലം എന്തെന്നുള്ളതിനെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ച് ആലോചിക്കുമ്പോൾ ദുഃഖിക്കേണ്ടിവരും എന്നാണ് എനിക്കു പറയാനുള്ളത്. അത്ര വലിയ ഒരു വിപത്താണ് വരാൻ പോകുന്നത്. ചാരായത്തിനുപകരം ബ്രാണ്ടി കൊണ്ടുവന്ന് ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങളെ കൂടുതൽ ദുരിതത്തിലേയ്ക്ക് തള്ളിവിടുന്ന നടപടികൾ മാറണം. ഇപ്പോഴും ഞാൻ അഭ്യർത്ഥിക്കുന്നത് സദുദ്ദേശത്തോടുകൂടി ഈ തിൻമ അവസാനിപ്പിക്കുകയാണെങ്കിൽ നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം എന്നാണ്. നിങ്ങൾ വിദേശമദ്യം കൂടെ നിരോധിക്കാനുള്ള തീരുമാനം എടുക്കുക.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഈ ബില്ലിനെ ഞാൻ എതിർക്കുകയാണ്. തെരഞ്ഞെടുപ്പു പ്രചരണത്തിന് പ്രയോജനകരമാകാൻ വേണ്ടിയിട്ടുള്ള ഒരേർപ്പാട് എന്നുള്ള നിലയിലാണ് ഈ ബില്ലിനെ ഇവിടെ പലരും കാണുന്നത്. ബഹുമാന്പെട്ട കെ. എം. മാണി പറയുകയുണ്ടായി, ഈ 1–ാം ഘട്ടവും, 2–ാം ഘട്ടവും കെട്ടിടത്തിന്റെ പോലെയാണെന്ന്. ഈ 1–ാം നില കെട്ടിയിട്ട്, 2–ാം നിലയിലേക്കു പോകുമ്പോൾ 1–ാം നില തകർന്നു വീണിട്ട് 2–ാം നിലയും തകർന്നു വീഴുമോ എന്നുള്ളതാണ് എന്റെ ഭയം. കാരണം ഇത് ജീവിച്ചിരിക്കുന്ന മനുഷ്യരെയാണ് തകിടം മറിക്കുന്നത്. ജീവിച്ചിരിക്കുന്ന മനുഷ്യർക്ക് ഈ മദ്യനിരോധനത്തിലൂടെ ധാരാളം കള്ളും, ധാരാളം ഇൻഡ്യൻ നിർമ്മിത വിദേശമദ്യവും ഉപയോഗിക്കാൻ അവസരം കൊടുത്തിരിക്കുകയാണ്. ഇതിന്റെ പകപോക്കൽ കൂടി ഉണ്ടാകുകയാണെങ്കിൽ 1–ാം നില കാണുകയില്ല എന്നുള്ള കാര്യത്തിൽ സംശയമില്ല. ഡയറക്ടീവ് പ്രിൻസിപ്പിൾസ് നടപ്പിലാക്കിയിട്ടുള്ള ഇന്ത്യയിലെ ഏക സംസ്ഥാനം ഗുജറാത്ത് ആണ്. അവിടെ പല കാരണങ്ങളാൽ അതു നടക്കും. മദിരാശിയിൽ മദ്യവിൽപ്പന നടത്താൻ ശ്രമിച്ചു. ഇന്ന് ഭാഗീകമായിട്ടു നടത്തുന്നുണ്ട്. ഞാൻ ഒരു കഥ കേട്ടിട്ടുണ്ട്. മദ്യനിരോധനം ഉള്ളതായിട്ടുള്ള ഒരു കാലത്ത്, ഒരു പെറിയ ക്ലബ്ബിൽ കുറെ ആളുകൾ ചേർന്ന് മദ്യം കഴിക്കുകയായിരുന്നു. രാത്രി 10 മണിക്ക്, അവർ മദ്യം കഴിച്ചുകൊണ്ടിരുന്ന സമയത്ത് കുറെ എക്സൈസ് ഉദ്യോഗസ്ഥൻമാർ അവിടെ വന്നു. അതിന്റെ സർക്കിൾ ഇൻസ്പെക്ടർ അകത്തേക്കു ചെന്നു. അദ്ദേഹത്തെ അവർ കസേരയിൽ ഇരുത്തി അവർ കഴിയ്ക്കുന്ന സാധനം അദ്ദേഹത്തിനും കൊടുത്തു. അദ്ദേഹം ധാരാളം കഴിച്ചു. യാതൊരു ബോധവും ഇല്ലാതെ പുറത്തിറങ്ങിയപ്പോൾ കൂട്ടുകാരെല്ലാംകൂടി അയാളെ വണ്ടിയിൽ കൊണ്ടിരുത്തി. എന്നിട്ട് മറ്റുള്ളവരെല്ലാം പോയി വീണ്ടും കഴിച്ചു. ഇതാണ് മദ്യനിരോധനം നടപ്പിലാക്കേണ്ടവർ എന്തുചെയ്യും എന്നതിന്റെ ഒരു ഉദാഹരണം. വ്യാജവാറ് വളരെ വലിയ തോതിൽ വർദ്ധിക്കാൻ പോകുകയാണ്. അതിന്റെ അളവുകോൽ ബഹുമാനപ്പെട്ട മാണി തന്നെ തരികയുണ്ടായി. അദ്ദേഹം പറഞ്ഞു, ഇതാ ചാരായ ലോബി വന്നിരിക്കുന്നു; ആ ചാരായ ലോബിയായിരിക്കും ഈ തരത്തിലുള്ള വ്യാജവാറിന്റെ നേതാക്കൻമാർ ആയി മാറുക എന്ന്. അത് വളരെയധികം സൂക്ഷിക്കേണ്ടതുണ്ട്. ഈ സഭ നേരത്തെ നിർത്തിവയ്ക്കുകയാണ്. നേരത്തെ നിർത്തിവയ്ക്കുന്നത് ശരിയാണെന്ന് ഇപ്പോഴത്തെ റിപ്പോർട്ടുകൾ കാണിച്ചിരിക്കുകയാണ്. അവസാനമായി, സാധാരണഗതിയിൽ പോകേണ്ടതായിട്ടുള്ള സബ്ജക്ട് കമ്മിറ്റിയിൽ പോലും പോകാതെ എന്തു ധൃതിയിലാണ് ഇത് പാസ്സാക്കുന്നത്! ഐക്യജനാധിപത്യ മുന്നണി അവസാന ദിവസങ്ങളിൽ ഇതു കൊണ്ടുവന്നിട്ടുള്ളത് നാടകീയമായ വിധം ഒരു പ്രചരണം ജനങ്ങളുടെ മുമ്പിൽ നടത്തുവാൻ വേണ്ടിമാത്രമാണ്. ഇതിന്റെ പിന്നിൽ ആത്മാർത്ഥത ഇല്ല എന്ന് തോന്നിപ്പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ കെ. സി. ജോസഫ്: സർ, നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ സമൂഹത്തെ മദ്യ പിശാചിൽ നിന്നു മോചിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവരുന്നത് എന്ന് ആവർത്തിച്ച് പറയുകയുണ്ടായി. ആ പ്രഖ്യാപനത്തിന്റെ ആത്മാർത്ഥതയില്ലായ്മയാണ് ശ്രീ. എ. സി. ഷൺമുഖദാസിന്റെ 'വിദേശമദ്യം കൂടി നിരോധിക്കണമെന്ന' ഭേദഗതി ഐക്യജനാധിപത്യ മുന്നണിയിലെ അംഗങ്ങൾ എതിർത്തതോടുകൂടി തെളിയിക്കപ്പെട്ടിരിക്കുന്നത്. ചാരായവും വിദേശമദ്യവും ഒരുപോലെ ലഹരി കൂടിയതാണ്; ആരോഗ്യത്തിന് ഹാനികരമാണ് എന്നത് വസ്തുതയായിരിക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറയുന്നു ചാരായം നിരോധിച്ചാലും ഇപ്പോഴുള്ള വിദേശമദ്യത്തെക്കാൾ പത്തിരട്ടി ഈ രംഗത്തേക്ക് ഒഴുകിയെത്തുമെന്ന്. ഇത് മുഖ്യമന്ത്രിതന്നെ സമ്മതിച്ചിരിക്കുന്ന സാഹചര്യത്തിൽ എങ്ങനെ നമ്മുടെ സമൂഹത്തെ മദ്യപിശാചിൽ നിന്നു മോചിപ്പിക്കാൻ സാധിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കണം. പ്രതിപക്ഷമാകെ സമ്പൂർണ്ണ മദ്യനിരോധനത്തെ അനുകൂലിച്ചുകൊണ്ട് പറയുമ്പോൾ എന്തുകൊണ്ട് അതിനെ അനുകൂലിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുന്നില്ല? ആരാണ് അതിന് അദ്ദേഹത്തെ തടയുന്നത് എന്ന് വ്യക്തമാക്കണം. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞു, ചാരായ ലോബിക്കുവേണ്ടിയാണ് സംസാരിക്കുന്നത് എന്ന്. ഭംഗ്യന്തരേണ ഈ നിയമം കൊണ്ടുവന്നിരിക്കുന്നത് വിദേശമദ്യ കുത്തകകൾക്കുവേണ്ടിയാണ് എന്ന് അദ്ദേഹം പറഞ്ഞുവയ്ക്കുകയാണ് ചെയ്തത് എന്നുപറഞ്ഞുകൊണ്ട് ഈ കാപട്യത്തിന്റെ മുഖം കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കും; അതിനനുസരണമായി പ്രതികരിക്കും എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഈ നിയമം സംബന്ധിച്ച് എന്റെ സ്നേഹിതൻമാർ ഇവിടെ വളരെ വിശദമായി സംസാരിച്ചു. ഇതു സംബന്ധിച്ച് എന്തെങ്കിലും കൂടുതൽ പറയണം എന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ പ്രശ്നം സംബന്ധിച്ച് ഈ സഭയിൽ ഒട്ടേറെ അംഗങ്ങൾ, വിശേഷിച്ച് പ്രതിപക്ഷത്തുള്ള അംഗങ്ങൾ, ഈ നീക്കത്തിന്റെ തട്ടിപ്പ് തുറന്നുകാട്ടാൻ ശ്രമിച്ചിട്ടുണ്ട്. അത് ഇപ്പോൾ അവസാനമായിട്ടും വ്യക്തമായും തെളിഞ്ഞത് ഇപ്പുറത്തുനിന്നു അവതരിപ്പിച്ച ഭേദഗതിയോടുള്ള നിങ്ങളുടെ സമീപനം വ്യക്തമായതോടുകൂടിയാണ്. നിങ്ങൾ മദ്യം എന്ന തിൻമ സമൂഹത്തിന് ഒരു വിനയാണെന്നു കരുതി അത് സമൂഹത്തിൽ നിന്നു തുടച്ചുനീക്കുന്നതിനുള്ള ശ്രമമായിരുന്നു നടത്തുന്നതെങ്കിൽ ഏറ്റവും ഏറെ അപകടം സൃഷ്ടിക്കുന്ന ചാരായവും വിദേശമദ്യവും ആണ് ഏറ്റവും കൂടുതൽ ആളുകളെ കൊല ചെയ്യിച്ചുകൊണ്ടിരിക്കുന്നത് എന്നത് അംഗീകരിക്കുമായിരുന്നു. വിദേശമദ്യത്തോട് നിങ്ങൾ വളരെയധികം താൽപ്പര്യമാണ് കാണിക്കുന്നത്. വിദേശമദ്യ വ്യാപാരികൾ ചാരായം നിരോധിക്കുന്നതിൽ വളരെ സന്തുഷ്ടരാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ ആണ് വിദേശമദ്യം വിൽപ്പന ചാരായ കുത്തകകളുടെ കയ്യിൽനിന്നു മാറ്റി ബിവറേജസ് കോർപ്പറേഷനെ ഏൽപ്പിച്ചത്. ആ ബിവറേജസ് കോർപ്പറേഷനെ നിങ്ങൾ ഇന്ന് ഒരു നോക്കുകുത്തിയായി അധഃപതിപ്പിക്കുകയാണ്. കാരണം നിങ്ങൾ അത് അനുവദിച്ചതനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് എത്ര വേണമെങ്കിലും റെഡിഫൈഡ് സ്പിരിറ്റ് ഇവിടെ കൊണ്ടുവരാം; കൊണ്ടുവന്നു കഴിഞ്ഞു. ഞാൻ ഇന്നലെ അതു സൂചിപ്പിച്ചു. നിരവധി ടൺ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

നിരവധി ലോറികളിൽ വന്നുകഴിഞ്ഞു. അതെല്ലാം ചായം ചേർത്ത് സെക്കൻറ്സ് എന്ന പേരിൽ ബാറുകളിലും സ്റ്റോറുകളിലും നിറഞ്ഞു കഴിഞ്ഞിരിക്കുകയാണ്. അങ്ങനെയുള്ള സൗകര്യം ഒരുക്കിക്കൊടുത്ത നിങ്ങളോട് അവർക്ക് പ്രത്യേക താൽപ്പര്യമുണ്ട്. ജെയിൻ സഹോദരൻമാരുടെ ഡയറി പരിശോധിച്ചപ്പോൾ 10—115 ആളുകളുടെ പേര് കണ്ടു. രാഷ്ട്രീയക്കാർ, ഉദ്യോഗസ്ഥ മേധാവികൾ, മന്ത്രിമാർ എല്ലാം ആ ലിസ്റ്റിൽപ്പെട്ടു. അവരെ പൊറുക്കി ജയിലിലാക്കിക്കൊണ്ടിരിക്കുകയാണ്. ഞാൻ പറയുകയാണ്, വിദേശമദ്യ ലോബികളുടെ ഡയറികൾ പരിശോധിച്ചാൽ കേരളത്തിലെ പുതിയ ഹവാലകളെ കാണാൻ കഴിയും. ആ ഡയറി പിടിച്ച് പരിശോധിച്ചാൽ അതിലെ ഇനിഷ്യലും പേരും പൂർണ്ണമായും കാണാൻ കഴിയും. അതുകൊണ്ടാണ് നിങ്ങൾക്ക് വിദേശമദ്യ ലോബിയെ തൊടാൻ കഴിയാത്തത്; അവർ കണ്ണു മിഴിക്കുമ്പോൾ നിങ്ങൾ മൂത്രമൊഴിക്കാൻ പോകുന്നത്. അതുകൊണ്ട് നിങ്ങളുടെ ഈ തട്ടിപ്പ് ഞങ്ങൾ നാട്ടിൽ തുറന്നു കാണിച്ചുകൊണ്ടിരിക്കുകയാണ്. അത് തുടർന്നും തുറന്നു കാണിക്കേണ്ടതായി വരും. അതുകൊണ്ട് ഈ ചതിയിൽ.....

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): ഇടതുമുന്നണി അധികാരത്തിൽ വന്നാൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുമെന്ന് ഈ സഭയിൽ ഇപ്പോൾ ഉറപ്പ് നൽകുമോ?

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വരികയാണെങ്കിൽ ഈ തിൻമ സമൂഹത്തിൽ നിന്നു പരമാവധി ഒഴിവാക്കുന്നതിനുവേണ്ടി..... (ബഹളം)..... ഞങ്ങൾ ഇങ്ങനെ പരമാവധി എന്നു പറയുന്നതിൻറെ ഫലമായി നിങ്ങൾക്ക് ഗുണമല്ലേ? ഞങ്ങൾ ഇതു സംബന്ധിച്ച് ദേശീയ പ്രസ്ഥാനത്തിൻറെ മഹത്തായ സന്ദേശത്തിൻറെ കൂടെയാണ്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും അതുപോലെയുള്ള മഹത്വ്യക്തികളും, അവരെല്ലാം തന്നെ മദ്യവർജ്ജനത്തിൻറെ പ്രചാരകൻമാരാണ്. മദ്യം വർജ്ജിക്കണമെന്ന് നിഷ്കളങ്കമായി സമൂഹത്തോട് ഉപദേശിച്ച മഹത്വ്യക്തികളാണ് അവർ. ആ പാരമ്പര്യം തുടരാൻ മഹാത്മാഗാന്ധിയും മിസ്റ്റർ കരുണാകരനും മഹാത്മാഗാന്ധിയും മിസ്റ്റർ എ. കെ. ആൻറണിയും തമ്മിലുള്ള വ്യത്യാസം പോലെതന്നെ ഈ പ്രശ്നത്തിലും നിരോധനം എന്നു പറഞ്ഞിട്ട് വിദേശമദ്യലോബിയെ സ്വതന്ത്രമായി കെട്ടഴിച്ചുവിടുകയാണ്. അത് തുറന്നു കാട്ടുന്നതിൽ, നിങ്ങളുടെ യഥാർത്ഥ സ്വഭാവം തുറന്നുകാട്ടുന്നതിൽ, നിങ്ങൾക്ക് വിഷമമുണ്ടെന്ന് ഞങ്ങൾക്കറിയാം. ഞാൻ എൻറെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. നിങ്ങളുടെ ഈ ചതി, നിങ്ങളുടെ ഈ ജനദ്രോഹം, നിങ്ങളുടെ ഈ തട്ടിപ്പ്—അതുമായി യാതൊരു തരത്തിലും സഹകരിക്കാൻ കഴിയാത്തതുകൊണ്ടും അത് ശക്തമായി ഞങ്ങൾക്ക് തുറന്നു കാട്ടേണ്ടതുള്ളതുകൊണ്ടും നിങ്ങളുടെ ഈ നടപടിയിൽ ശക്തിയായി പ്രതിഷേധിച്ച് പ്രതിപക്ഷങ്ങളാകെ ഈ സഭയിൽ നിന്നും വാക്കൗട്ട് ചെയ്യുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, ഈ നിയമസഭാ സമ്മേളനത്തിൽ രണ്ടുപ്രാവശ്യം പ്രതിപക്ഷാംഗങ്ങളുടെ അഭാവത്തിൽ സംസാരിക്കേണ്ടിവന്നതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. അതേയവ

LIBRARY ARCHIVES Kerala Legislative Assembly

സരത്തിൽ പ്രതിപക്ഷ ബഞ്ചുകളും ശൂന്യമാണെങ്കിലും കേരള സംസ്ഥാനത്തിലെ ജനകോടികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിൽ ഇന്ന് അനുഭവപ്പെടുന്ന ദുഃഖങ്ങൾക്ക്, സംഘർഷങ്ങൾക്ക്, ശമനമുണ്ടാക്കുവാൻ കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന അമ്മപെങ്ങൻമാരുടെ കണ്ണീരൊപ്പുവാൻ ദൃഢനിശ്ചയത്തോടുകൂടി കേരള ഗവൺമെൻറ് ആവിഷ്ക്കരിച്ചിരിക്കുന്ന മദ്യനിരോധനം ഘട്ടംഘട്ടമായി കേരളത്തിൽ ഏർപ്പെടുത്തണമെന്ന നയത്തെക്കുറിച്ച് അതിൻെറ വിശദാംശങ്ങൾ അറിയുവാൻ, ആ നയം വിജയിപ്പിക്കുവാൻ, കേരള ജനത കണ്ണും കാതും കൂർപ്പിച്ചിരിക്കുകയാണ് എന്ന് എനിക്കറിയാം. അതുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ അസംബ്ലിയിൽ ഇല്ലെങ്കിലും, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും നിയമസഭ അവസാനിക്കുന്ന ഈ ദിവസം, ഈ നിയമസഭ അംഗീകരിക്കാൻ പോകുന്ന ഏറ്റവും ചരിത്രപ്രധാനമായ തീരുമാനങ്ങളിൽ ഒന്നായിട്ടുള്ള മദ്യനിരോധനത്തിലേയ്ക്ക് കേരളത്തെ നയിക്കാൻ പോകുന്ന ഈ തീരുമാനത്തിൻെറ വിശദാംശങ്ങൾ അറിയാൻ താൽപ്പര്യമുണ്ട്. അതുകൊണ്ട് ഏതാനും കാര്യങ്ങൾമാത്രം സംസാരിക്കുകയാണ്. ഒരു കാര്യത്തിൽ ഞാൻ പ്രതിപക്ഷാംഗങ്ങളോട് യോജിക്കുന്നു. കേരളത്തിലെ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്ന ഈ പുതിയനയം നടപ്പാക്കുക പ്രയാസമുള്ള കാര്യമാണ്. അതിലടങ്ങിയിരിക്കുന്ന പ്രയാസങ്ങൾ ഈ നയത്തെ അട്ടിമറിക്കാൻ ബോധപൂർവ്വമായി, സംഘടിതമായി ശ്രമിക്കാനിടയുള്ള ശക്തികളുടെ ധനശക്തിയെക്കുറിച്ച്. മറുശക്തികളെക്കുറിച്ച്, ആ ശക്തിയെ സഹായിക്കാൻ പോകുന്ന രാഷ്ട്രീയശക്തികളെക്കുറിച്ച് എല്ലാം ശരിയായ ധാരണയോടുകൂടിത്തന്നെയാണ് ഈ ഗവൺമെൻറ് ഈ പുതിയ നയം കൈക്കൊണ്ടിട്ടുള്ളത്. ഒരു കാലഘട്ടത്തിൽ ഈ സംസ്ഥാനത്ത് മന്ത്രിസഭകളെപ്പോലും ഉണ്ടാക്കുവാനും തകർക്കുവാനും ഗവൺമെൻറ് നയങ്ങൾ രൂപീകരിക്കുവാനും, ഗവൺമെൻറ് നയങ്ങൾ ഇല്ലാതാക്കാനും, ഗവൺമെൻറിനെക്കൊണ്ട് തീരുമാനങ്ങൾ എടുപ്പിക്കുവാനും ശക്തമായിരുന്ന ഒരു ലോബിയുടെ കണ്ഠത്തിൽ ആണ് കത്തിവച്ചിരിക്കുന്നത്. ഇന്നു നിയമസഭാ സമ്മേളനം അവസാനിക്കുകയാണ്. ഈ സംസ്ഥാനത്തിൻെറ നാനാഭാഗങ്ങളിലായി ആയിരക്കണക്കിന് സാധാരണ ജനങ്ങൾ നിയമസഭാ സമ്മേളനത്തിൻെറ അവസാനദിവസത്തിൽ അവരുടെ പരാതികൾക്ക് പരിഹാരമുണ്ടാക്കുവാൻ സെക്രട്ടേറിയറ്റ് പരിസരത്ത്, നിയമസഭാ പരിസരത്ത് ഓടി നടക്കുന്നുണ്ട്. ഈ സംസ്ഥാനത്തിലെ ചരിത്രത്തിൽ ആദ്യമായി മദ്യലോബി ഉൾപ്പെടെയുള്ള സാമ്പത്തിക ലോബികൾ സെക്രട്ടേറിയറ്റിൻെറ പടിയ്ക്കൽ ഇന്ന് ഇല്ല എന്നതാണ് ഈ ഗവൺമെൻറിൻെറ ഏറ്റവും വലിയ വിജയം. ഞങ്ങളെടുത്ത തീരുമാനങ്ങളുടെ ഫലമായിട്ടാണ് അത്. ഈ സംസ്ഥാനത്തെ അമ്മമാനമാടിയിരുന്ന, ഈ സംസ്ഥാനത്തെ പല കാര്യങ്ങളും നിയന്ത്രിച്ചിരുന്ന, ചാരായലോബി, വിദേശമദ്യലോബി—രണ്ടും ഇന്ന് ഈ ഗവൺമെൻറിൻെറ അടിയേറ്റ് പിടഞ്ഞുകൊണ്ടിരിക്കുകയാണ്. ആ ലോബിയുടെ സഹായത്തിനാണ് നിർഭാഗ്യവശാൽ എൻെറ പ്രതിപക്ഷ സുഹൃത്തുക്കൾ ഓടി എത്തിയിരിക്കുന്നത്. എൻെറ സ്നേഹിതൻ ശ്രീ. തങ്കച്ചൻ പ്രതിപക്ഷനേതാവിനോടു ചോദിച്ചു, ചാരായ നിരോധനം മാത്രം പോരാ എല്ലാ മദ്യവും നിരോധിക്കുന്നുവെന്ന് പറഞ്ഞു; അടുത്ത തിരഞ്ഞെടുപ്പിലെ മാനിഫെസ്റ്റോയിൽ സമ്പൂർണ്ണ മദ്യനിരോധനമാണ് നിങ്ങളുടെ നയമെന്ന്. നിങ്ങൾ എഴുതിച്ചേർക്കുമോ എന്ന്. വാചാലനായ പ്രതിപക്ഷ നേതാവ് അതുകേട്ട് ഉരുണ്ടുകളിച്ചത് നാമെല്ലാം കണ്ടതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നാൽചാരായം മാത്രമല്ല കേരളത്തെ മദ്യ നിരോധിത സംസ്ഥാനമായി പ്രഖ്യാപിക്കും.

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള പ്രകടന പത്രിക എഴുതുവാൻ തയ്യാറുണ്ടോ എന്നു് ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. ഐക്യജനാധിപത്യമുന്നണി ഘട്ടംഘട്ടമായി മദ്യനിരോധനമെന്ന ലക്ഷ്യത്തിലേയ്ക്കു് പോകുന്നു. ആദ്യത്തെ തീരുമാനമാണു് ചാരായനിരോധനം. ചാരായനിരോധനത്തോടൊപ്പം ഞങ്ങളൊരു തീരുമാനമെടുത്തു വിദേശമദ്യങ്ങൾക്കുള്ള നികുതി ഞങ്ങൾ 200 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുന്നു. ഇതിന്റെ ഫലമായി ചാരായലോബിയും, വിദേശമദ്യലോബിയും ഇന്നു് ഒരുപോലെ ഗവൺമെന്റു് നയത്തിനു് എതിരായി നീങ്ങുകയാണു്. അവർ ഈ നയം അട്ടിമറിക്കാൻ ശ്രമിക്കുമെന്നു് ഞങ്ങൾക്കറിയാം. അതുമാത്രമല്ല ഞാൻ നേരത്തേപറഞ്ഞു, ഈ നയത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്ന ചാരായ-വിദേശമദ്യലോബികൾക്കു് ഒളിഞ്ഞും തെളിഞ്ഞും ഈ ഗവൺമെന്റിനെ എതിർക്കുന്ന പല രാഷ്ട്രീയ ശക്തികളും സഹായം നൽകുമെന്നു് ഞങ്ങൾക്കു് വ്യക്തമായിട്ടു് അറിയാം എന്നു്. അതുകൊണ്ടാണു് ഞങ്ങളുടെ ലക്ഷ്യം എളുപ്പമല്ല എന്നു് എനിക്കു് അറിയാമെന്നു് പറഞ്ഞതു്. പക്ഷെ ഞങ്ങൾക്കൊരു പ്രതീക്ഷയുണ്ടു്. കേരള സംസ്ഥാനത്തിലെ ചായക്കടകളേക്കാൾ കൂടുതലായി കഴിഞ്ഞ കുറേ വർഷങ്ങളായി വളർന്നുകൊണ്ടിരുന്ന ചാരായ ഷാപ്പുകളും ഉൾപ്പെടെയുള്ള മദ്യഷാപ്പുകളും നിയന്ത്രിക്കുവാൻ, 340 കോടി രൂപ ഒറ്റയടിക്കു് നഷ്ടപ്പെടുത്തിക്കൊണ്ടു് ചാരായം നിരോധിക്കാൻ എടുത്ത ഗവൺമെന്റിന്റെ തീരുമാനം, വിദേശമദ്യനികുതി 200 ശതമാനം വർദ്ധിപ്പിക്കാൻ ധീരമായ നിലപാടു് എടുത്ത ഈ ഗവൺമെന്റിന്റെ തീരുമാനം ജനങ്ങൾക്കറിയാം, അമ്മമാർക്കറിയാം, സഹോദരിമാർക്കറിയാം, ഈ ഗവൺമെന്റിന്റെ തീരുമാനം കേരളത്തിലെ കുടുംബസമാധാനത്തിനു് വഴിതെളിക്കും എന്നു്. സാമൂഹ്യസംഘർഷങ്ങൾ കുറയ്ക്കും; അക്രമ പ്രവർത്തനങ്ങൾ കുറയ്ക്കും; സാമൂഹ്യജീവിതം മെച്ചപ്പെടും; സർവ്വോപരി കേരളത്തിലെ വീടുകളിൽ അമ്മമാരുടെയും, സഹോദരിമാരുടെയും ചുടുകണ്ണീർ ഒഴുകുന്ന സാഹചര്യം ഇനി ഒഴിവാകും. ഈ നയത്തെ അട്ടിമറിക്കാൻ സാമ്പത്തിക ശക്തികൾ, കടുത്ത രാഷ്ട്രീയ ശക്തികൾ മുന്നോട്ടു വരുമ്പോൾ ഞങ്ങളുടെകൂടെ കക്ഷിവ്യത്യാസം മറന്നു്, ജാതി വ്യത്യാസം മറന്നു്, വർഗ്ഗ വ്യത്യാസം മറന്നു്, രാഷ്ട്രീയ വ്യത്യാസം മറന്നു് അവരെ നേരിടുവാൻ അമ്മമാരും സഹോദരിമാരും അതുപോലെ കേരളത്തിലെ ലക്ഷോപലക്ഷം നല്ല മനുഷ്യരും ഞങ്ങളുടെകൂടെ ഉണ്ടാകുമെന്നു് എനിക്കു് ഉറപ്പുണ്ടു്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ; ഈ തീരുമാനത്തിന്റെ ഗുണദോഷങ്ങൾ ചാരായനിരോധനവും വിദേശമദ്യനികുതി 200 ശതമാനം വർദ്ധിപ്പിച്ചതും അതിനെക്കുറിച്ചു് മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു് പാർട്ടി അടക്കമുള്ള ഇടതുപക്ഷമുന്നണിയുടെ പ്രവർത്തകർക്കിടയിൽ ആ ഇടതുപക്ഷ മുന്നണി അനുകൂലിക്കുന്ന അമ്മമാരുടെയും സഹോദരിമാരുടെയും ഒരു അഭിപ്രായ വോട്ടെടുപ്പു് ദേശാഭിമാനിപത്രം നടത്തിയാൽ ആ അമ്മമാരും സഹോദരിമാരും ഞങ്ങളെ അനുകൂലിക്കുമെന്നു് എനിക്കു് ഉറപ്പുണ്ടു്. അതുകൊണ്ടു് ഈ നയം കേരള ജനത അംഗീകരിക്കുമെന്നു് എനിക്കു് ഉറപ്പുണ്ടു്. നയം നടപ്പാക്കുക പ്രയാസമാണു്, ദുഷ്ക്കരമാണു്. പക്ഷെ ഈ ഗവൺമെന്റിനു് നിശ്ചയദാർഢ്യമുണ്ടു്. ഞങ്ങളുടെ പിന്നിൽ കേരളത്തിലെ ഭൂരിപക്ഷം ജനങ്ങളുണ്ടു്. ഞങ്ങൾ ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ടു്. ഞാറയ്ക്കൽ മദ്യദുരന്തംപോലുള്ള മദ്യദുരന്തങ്ങൾ, വ്യാജ മദ്യദുരന്തങ്ങൾ ഇനി കേരളത്തിൽ ഉണ്ടായാൽ ആ ദുരന്തങ്ങൾക്കു് പ്രത്യക്ഷത്തിലും പരോക്ഷത്തിലും കാരണക്കാർ ആവുന്നവർക്കു് എതിരായി കൊലക്കുറ്റത്തിനു് കേസെടുക്കാൻ പോവുകയാണു്. അതുപോലെ കള്ളുഷാപ്പിലാകട്ടെ, വിദേശമദ്യഷാപ്പിലാകട്ടെ കള്ളച്ചാരായം വിറ്റാൽ, കള്ളമദ്യം വിറ്റാൽ ഇനിമുതൽ നോൺബെയിലബിളായി കേസെടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത് അവിടത്തെ തൊഴിലാളികൾക്ക് എതിരെ മാത്രമായി രിക്കുകയില്ല; ഇതിന്റെയെല്ലാം മുതലാളിമാർക്കെതിരായിപ്പോലും കേസെടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിശക്തമായ നടപടിയിൽ കൂടി ഞങ്ങൾ ഇതിനെ തടയാൻ ശ്രമിക്കുകയാണ്. കൊലപാതകം നടത്തിയാൽ കേസുണ്ടാകും; ജീവപര്യന്തം ചിലപ്പോൾ ശിക്ഷിക്കും; തൂക്കിൽ ഇടുകവരെയുണ്ടാകും എന്നാലും ഒറപ്പെട്ട നിലയിൽ കൊലപാതകം നടക്കുന്നതിന്റെ പേരിൽ നമുക്ക് കൊലപാതകികൾക്ക് എതിരായി കേസെടുക്കണ്ട എന്നുപറഞ്ഞാൽ സാധിക്കുമോ? മോഷണം നടക്കുന്നതിന്റെ പേരിൽ കടുത്ത നിയമങ്ങൾ ഉണ്ടെങ്കിലും രാജ്യത്ത് മോഷണം നടക്കുന്നു; അതുകൊണ്ട് മോഷ്ടാക്കളെ ശിക്ഷിയ്ക്കണ്ടായെന്ന് പറയുവാൻ സാധിക്കുമോ? ശക്തമായ നിലപാടിലേയ്ക്ക് പോകുമ്പോൾ ആരെങ്കിലും ഈ നിയമത്തെ അട്ടിമറിക്കാൻ ശ്രമിക്കാനിടയുണ്ട്. അവർ എവിടെയെങ്കിലും വിജയിക്കാൻ ഇടയുണ്ട് എന്നതിന്റെ പേരിൽ ഈ സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കാനുള്ള ചാരായനിരോധനം പോലുള്ള ഈ പ്രഖ്യാപനം, ഈ തീരുമാനം നടപ്പാക്കാതെ പോകണമെന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടോ? ഇവിടെ ചിലർ പറഞ്ഞു വിദേശമദ്യം നിരോധിക്ക ണമെന്ന് അവർ ആത്മാർത്ഥമായി പറയുകയാണെങ്കിൽ, ആദ്യം പ്രഖ്യാപിക്കട്ടെ; തങ്ങൾ ചാരായ നിരോധനത്തെ കലവറയില്ലാതെ അനുകൂലിക്കുന്നുവെന്ന്. അതിനു തയ്യാറാകാതെ ഈ തീരുമാനം വന്നപ്പോൾ ഇടതുപക്ഷ മുന്നണിയിലെ രണ്ടാംകിടയോ, മൂന്നാംകിടയോ നേതാക്കൻമാരല്ല ഒന്നാംകിട നേതാക്കൻമാർ പറഞ്ഞു, ഞങ്ങൾ അധികാരത്തിൽ വന്നാൽ ചാരായനിരോധനം ഞങ്ങൾ പുനഃപരി ശോധിയ്ക്കും, പിൻവലിയ്ക്കും എന്ന്. പക്ഷെ ആഴ്ചകൾ കഴിഞ്ഞപ്പോൾ ഈ സംസ്ഥാനത്ത് ഒട്ടാകെ ഉണ്ടാകുന്ന ജനവികാരങ്ങൾ കണ്ടപ്പോഴാണ് അതൊക്കെ തകിടംമറിഞ്ഞത്. ഇടതുപക്ഷമുന്നണിയുടെ പാപ്പരത്തം ഇന്ന് ശ്രീ. തങ്കച്ചന്റെ ചോദ്യത്തിനു മുൻപിൽ ചൂളിക്കൊണ്ട് പ്രതിപക്ഷനേതാവുതന്നെ വ്യക്തമാക്കിയിരിക്കുകയാണ്. ഞങ്ങൾ ഈ നയം നടപ്പാക്കുവാൻ ആത്മാർത്ഥമായി ജനങ്ങളുടെ സഹായത്തോടെ ശ്രമിക്കും. പ്രത്യേകിച്ച് അമ്മമാരുടെയും, സഹോദരിമാരുടേയും സന്നദ്ധസംഘടനകളുടെയും സമുദായ നേതാക്കൻമാരുടെയും, രാഷ്ട്രീയ പ്രവർത്തകരുടെയും, പൊതുപ്രവർത്തകരുടെയും, പെരുപ്പ ക്കാരുടെയും സഹായത്തോടുകൂടി ഞങ്ങൾ ഈ നയം നടപ്പാക്കാൻ ശ്രമിക്കും. ഒറപ്പെട്ടനിലയിൽ വീഴ്ചകൾ ഉണ്ടായെന്ന് വരാം; ഈ നയത്തിന്റെ അട്ടിമറിക്ക് നടപടി ഉണ്ടായെന്ന് വരാം; അതിനെ ഞങ്ങൾ കർക്കശമായി നേരിടും. എവിടെയെങ്കിലും വീഴ്ചയുണ്ടായാൽ ആ വീഴ്ചയ്ക്ക് കാരണക്കാരായവർക്ക് എതിരെ ശക്തമായ നടപടി സ്വീകരി ക്കുമെന്ന് മാത്രമേ പറയാനുള്ളൂ. അതുകൊണ്ട് കേരള സംസ്ഥാന ത്തിന്റെ ഭാവി ആലോചിക്കുമ്പോൾ ഈ നിയമം ഈ സംസ്ഥാനത്തിന്റെ ഭാവിയിലേക്കുള്ള ഏറവും വലിയ ഒരു കാൽവയ്പാണ് എന്നു കാണാം. ശ്രീ. ബേബി ജോൺ പറഞ്ഞു, ആറ് മാസം കഴിയുമ്പോൾ എ. കെ. ആൻറണിക്ക് ഇതിനെക്കുറിച്ച് ദുഃഖിക്കേണ്ടി വരുമെന്ന്. ഒരു കാര്യം ഞാൻ നിയമസഭയിൽ പ്രഖ്യാപിക്കുന്നു. ആറ് മാസമല്ല, ഇനി എത്രവർഷം കഴിഞ്ഞാലും കേരളക്കരയിൽ ഏത് ഗവൺമെൻറ് അധികാ രത്തിൽ വന്നാലും ഒരടി മുന്നോട്ടല്ലാതെ പുറകോട്ട് പോകാൻ സാദ്ധ്യമല്ല. സംസ്ഥാനത്ത് അധികാരത്തിൽ വരുന്ന ഒരു ഗവൺമെൻറിനും ചാരായ നിരോധനം പിൻവലിക്കാൻ സാദ്ധ്യമല്ല; ജനങ്ങൾ അനുവദിക്കുകയില്ല എന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. ഞങ്ങളുടെ ഈ തീരുമാനത്തെ കേരളത്തിലെ ജനങ്ങൾ പിന്തുണയ്ക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ മെമ്പർമാർ ഈ സന്ദർഭത്തിൽ വാക്കൗട്ട് നടത്തിയത് നിർഭാഗ്യകരമായിപ്പോയി. പ്രതിപക്ഷത്തിന്റെ അഭാവത്തിൽ ഈ നിയമം സർവ്വ സമ്മതമായി പാസ്സാക്കേണ്ടി വന്നതിൽ എനിക്ക് ദുഃഖമുണ്ട്. ഈ നിയമനിർമ്മാണം നമ്മുടെ സംസ്ഥാനത്തിന്റെ ജനജീവിതത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ഗുണ മേന്മ വർദ്ധിപ്പിക്കാൻ ആവശ്യമായതുകൊണ്ട്, സാമൂഹ്യതിന്മയ്ക്ക് എതിരായിട്ടുള്ള ഏറ്റവും വലിയ ഒരു നയമായതുകൊണ്ട് എല്ലാവരും അനുകൂലിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

എക്സൈസ്, പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, ഒൻപതാം കേരളനിയമസഭയുടെ അവസാന സമ്മേളനത്തിന്റെ തിരശ്ശീല വീഴുമ്പോൾ ചരിത്രത്തിന്റെ ഭാഗമാകുന്ന രണ്ട് സുപ്രധാന ബില്ലുകൾ ആൻറണി ഗവൺമെൻറിനു വേണ്ടി അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. അതിൽ ഒന്ന്, പട്ടികജാതി ഗോത്രവർഗ്ഗവിഭാഗങ്ങളെ വ്യാജ സർട്ടിഫിക്കറുകൾവഴി ചൂഷണം ചെയ്യുന്നത് തടയുന്നതും മറെറാന്ന്, ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ സാമൂഹ്യ ദുരന്തവും തിന്മയുമായ ചാരായത്തിൽ നിന്നും പാവപ്പെട്ട ജനങ്ങളെ രക്ഷിക്കാനും സമ്പൂർണ്ണ മദ്യനിരോധനത്തിലേയ്ക്ക് നീങ്ങാൻ കേരള ഗവൺമെൻറ് വേഗത വർദ്ധിപ്പിക്കുന്നതുമായ അബ്കാരി (ഭേദഗതി) ബില്ലുമാണ്. ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ചർച്ച സജീവമാക്കിയ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളോടും ഹൃദയപൂർവ്വം ഞാൻ നന്ദി പറയുന്നു. ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

1996-ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(3) 1996-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(പ്രതിപക്ഷാംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി)

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 1996-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 1996-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly